**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3344** **19.06.2019 ലെ മറുപടിയ്ക്ക്**

## ബിരുദാനന്തരബിരുദ കോഴ്സുകൾക്കുള്ള സംവരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | എം.ടെക് അടക്കമുള്ള ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് സംവരണം നൽകുമ്പോൾ നിലവിലുള്ള കേന്ദ്ര, സംസ്ഥാന സർക്കാർ ഉത്തരവുകൾ യഥാവിധി പാലിക്കാതെ വരുന്നതുമൂലം യോഗ്യരായ പിന്നോക്ക വിഭാഗക്കാർക്ക് അർഹമായ സംവരണം ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-19 അധ്യയന വർഷം വരെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടത്തുന്ന എം.ടെക് അടക്കമുള്ള ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പിന്നോക്ക വിഭാഗക്കാർക്ക് (SEBC) 5% സംവരണമാണ് നല്കിയിരുന്നത്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് 2019-20 അധ്യയന വർഷം മുതൽ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ നടത്തുന്ന എം.ടെക് അടക്കമുള്ള ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പിന്നോക്ക വിഭാഗക്കാർക്ക് നിലവിലെ കേന്ദ്ര/സംസ്ഥാന ഉത്തരവുകളെ അടിസ്ഥാനമാക്കി സംവരണം ചുവടെ ചേർക്കും പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ട്.<br>1. സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ (SEBC)-30% |
| (ബി) | മേൽ വിഷയത്തെ സംബന്ധിച്ച് കൃത്യമായ അന്വേഷണം നടത്തി അപാകത പരിഹരിക്കുവാൻ തയ്യാറാകുമോ വ്യക്തമാക്കുമോ? | | |

| | |
|---|---|
| ഈഴവ | 9% |
| മുസ്ലീം | 8% |
| മറ്റ് പിന്നോക്ക ഹിന്ദു | 3% |
| ലത്തീൻ കത്തോലിക്കരും ആംഗ്ലോ ഇന്ത്യൻസും | 3% |
| ധീവരയും അവാന്തര വിഭാഗങ്ങളും | 2% |
| വിശ്വകർമ്മയും അവാന്തര വിഭാഗങ്ങളും | 2% |
| കുശവനും അനുബന്ധ സമുദായങ്ങളും | 1% |
| മറ്റ് പിന്നോക്ക ക്രിസ്ത്യൻ | 1% |
| കുഡുംബി | 1% |

<table>
<tr><td></td><td></td><td></td><td>2. പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും -10%<br><table><tr><td>പട്ടികജാതി(SC)</td><td>8%</td></tr><tr><td>പട്ടികവർഗ്ഗം(ST)</td><td>2%</td></tr></table></td></tr>
</table>

സെക്ഷൻ ഓഫീസർ